**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5602** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിയിൽ ആരോഗ്യ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II എന്നീ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 36 ഒഴിവും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ 65 ഒഴിവും നിലനിൽക്കുന്നു. |
| (ബി) | പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് 2024 മാർച്ച്, മെയ് മാസങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിച്ചിരുന്നോയെന്നും, പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിരുന്നോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് നിയമനം നടത്താതിരുന്നെന്നും വ്യക്തമാക്കാമോ; | (ബി) | പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിലേക്ക് അറിയിച്ചതിനെ തുടർന്ന് 19.03.2024-ലെ കത്ത് പ്രകാരം 313 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റും, 04.05.2024 ലെ കത്ത് പ്രകാരം ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി 520 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റും കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ഈ ലിസ്റ്റുകളിൽ നിന്നും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ നിയമനം നടത്തിയിട്ടില്ല. ടി ലിസ്റ്റുകളിൽ നിന്നും യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമായിട്ടില്ല എന്ന കാരണത്താലാണ് നിയമനം നടത്താതിരുന്നത്. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്താത്തതുകാരണം നിലവിലെ ജീവനക്കാരുടെ ജോലി ഭാരം കൂടുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത ഒഴിവുകൾ നികത്താത്തതുകാരണം നിലവിലെ ജീവനക്കാരുടെ ജോലി ഭാരം കൂടുന്ന എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കുലർ നം.13138/എഫ്2/2005/ആ.കു.വ തീയതി 24/05/2005 പ്രകാരം ആരോഗ്യ വകുപ്പിനു കീഴിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം സംബന്ധിച്ച് നിലനിന്നിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ 2017-ൽ സർക്കുലർ നം.എഫ്2/295/2017/ആ.കു.വ. തീയതി 08/02/2017 പ്രകാരം പിൻവലിക്കുകയും കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസസ് ചട്ടങ്ങൾ അനുസരിച്ച് നിയമനം നടത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് |

| | | | | |
|---|---|---|---|---|
| | | | | വഴി ലഭ്യമാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ നടത്തുന്നതിനും മാർക്ക് നൽകുന്നതിനും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും ടി ചട്ടങ്ങളിൽ പരാമർശിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ നടത്തുന്ന നിയമനങ്ങൾക്ക് മാർക്ക് നൽകുന്ന വ്യവസ്ഥയിൽ ഏകീകൃതമായ സ്വഭാവം കൊണ്ടുവരുന്നതിനായി സ.ഉ.(സാധാ)നം.1863/2024/ആ.കു.വ തീയതി 05/08/2024 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറെ കൺവീനറാക്കി സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നു. ടി സമിതി 16/03/2025-ൽ കരട് പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പ്രൊപ്പോസലിന്മേൽ വിവിധ വകുപ്പുകളുടെ അഭിപ്രായം തേടി ആയത് അന്തിമമാകുന്നതിന് താമസം നേരിട്ടുമെന്ന് കാണുന്ന സാഹചര്യത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമായി ഒരു വർഷം കഴിയുന്ന സാഹചര്യത്തിലും മറ്റു ജില്ലകളിൽ പാർട്ട് ടൈം സ്വീപ്പർ നിയമനങ്ങൾ നടക്കുന്നതിന് സമാനമായി കോഴിക്കോട് ജില്ലയിലും പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരം അടിയന്തര നിയമനം നടത്തുന്നതിന് വേണ്ടുന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ 20%-ൽ അധികം ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാമോ എന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറോട് മാർഗ്ഗനിർദ്ദേശം തേടിയിരുന്നു. 20%-ൽ അധികം ഭിന്നശേഷിയുള്ളവർക്കും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാമെന്ന് കാണിച്ച് 21/03/2025-ലെ DHS/8060/2025-EF.3 നമ്പർ കത്ത് പ്രകാരം ക്ലാരിഫിക്കേഷൻ നൽകുകയും അടിയന്തരമായി നിയമനം നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ